# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ നടപടിക്രമം
## തിരുവനന്തപുരം

---

വിഷയം:- ആവഡ- ഡോ .സമ്പത്ത് .കെ,അസിസ്റ്റന്റ് ഡെന്റൽ സർജൻ -പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1. പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ 24/3/2026 തീയതിയിലെ DMOH-PTA/1396/2026-A4 നം.കത്ത് .

2. കാരണംകാണിക്കൽ നോട്ടീസ് നം .ഇ.ബി 4/5825/2026/ആവഡ തീയതി 12/4/2026.

3. 22/4/2026 തീയതിയിലെ സർക്കാരിൽ നിന്നുള്ള എ 3/129/2026/Health നം .കത്ത്

**<u>ഉത്തരവ് നം: ഇ.ബി 4/ 5825/2026/ ആവഡ തീയതി: #Approved Date#</u>**

ഡോ. സമ്പത്ത് . കെ, അസിസ്റ്റന്റ് ഡെന്റൽ സർജൻ ( PEN: 1006961) 20/7/2023 നു സർവ്വീസിൽ പ്രവേശിച്ച വ്യക്തിയാണ് . തിരുവല്ല താലൂക്കാസ്ഥാന ആശുപത്രിയിൽ അസിസ്റ്റന്റ് ഡെന്റൽ സർജൻ തസ്തികയിൽ സേവനത്തിൽ തുടരവേ 17/2/2026 മുതൽ ടിയാൻ അനധികൃതാവധിയിൽ ആണെന്ന് പരാമർശം (1) പ്രകാരം

പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്റ്റ് (work and conduct) തൃപ്തികരമല്ലാത്തതിനാൽ KS&SSR Part II Rule 19 (a) (ii) പ്രകാരം പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് ടിയാന്റെ ലഭ്യമായ മേൽ വിലാസത്തിലേയ്ക്ക് അയച്ചു നൽകുകയും ചെയ്തിരുന്നു. ടി നോട്ടീസ് 20/4/2026 തീയതിയിൽ കൈപ്പറ്റുകയും ഒപ്പു രേഖപ്പെടുത്തി 21/4/2026 നു തിരികെ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. നോട്ടീസിന് ടിയാൻ മറുപടി നൽകിയിട്ടില്ല. പക്ഷെ ടിയാളുടെ ഭാര്യ ഡോ. രശ്മി 22/4/2026 ൽ ആരോഗ്യ വകുപ്പ് ഡയറക്ടർക്കു നൽകിയ ഹർജിയിൽ ഡോ.സമ്പത്ത്.കെ 23/2/26 മുതൽ ജുഡീഷ്യൽ കസ്റ്റഡിയിൽ ആണെന്നും ടിയാൾ ജാമ്യത്തിൽ ഇറങ്ങുന്നത് വരെ മറുപടി നൽകാൻ സാവകാശം നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഈ മെഡിക്കൽ ഓഫീസറുടെ ജുഡീഷ്യൽ കസ്റ്റഡി സംബന്ധിച്ച ഒരു വിവരവും പ്രസ്തുത തീയതി വരെ ഈ ഓഫീസിൽ ലഭിച്ചിരുന്നില്ല. സംസ്ഥാന ഭാഗ്യകുറി ക്ഷേമ നിധി ബോർഡിൽ നടന്ന സാമ്പത്തിക അപഹരണ സംബന്ധമായ വിജിലൻസ് കേസിൽ (V.C 6/2025/SIU-II) ഡോ .സമ്പത്ത് .കെ-യെ മൂന്നാം പ്രതിയായി ചേർക്കപ്പെട്ടിരിക്കുന്നു എന്നും ടിയാനെ ഒരു അറിയിപ്പ് ഉണ്ടാകുന്നതു വരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുവാൻ വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്നു എന്നും, പ്രസ്തുത ശിപാർശയിൽ അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനും പരാമർശം 3 കത്ത് പ്രകാരം സർക്കാരിൽ നിന്നും 22/4/2026 ന് നിർദേശം ലഭിച്ചിട്ടുണ്ട്.

2. ഈ വിഷയം വിശദമായി പരിശോധിച്ചു.

17/2/26 മുതൽ അസിസ്റ്റന്റ് ഡെന്റൽ സർജൻ Dr.സമ്പത്ത് കെ അനധികൃത ഹാജറില്ലായ്മയിൽ ആണ്. 23/02/2026 മുതൽ ടിയാൻ

ജുഡീഷ്യൽ കസ്റ്റഡിയിൽ ആയിരുന്നുവെന്ന് ടിയാന്റെ ഭാര്യ സമർപ്പിച്ച ഹർജിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ടിയാൻ പോലീസ് കസ്റ്റഡിയിൽ ആണെങ്കിൽ പോലും പോലീസ് അധികൃതർ വഴി കാരണം കാണിക്കൽ നോട്ടീസിന് മറുപടി ലഭ്യമാക്കുന്നതിനു കഴിയുമായിരുന്നു. പ്രൊബേഷണറായ ടി ജീവനക്കാരൻ അതിനുള്ള സന്നദ്ധത കാണിച്ചിട്ടില്ല. താൻ ക്രിമിനൽ കേസിൽ പ്രതി ചേർക്കപ്പെട്ടു ജുഡീഷ്യൽ കസ്റ്റഡിയിൽ ആയിരുന്നുവെന്നത് ടിയാൻ മറച്ചു വക്കുകയാണ് യഥാർത്ഥത്തിൽ ചെയ്തിട്ടുള്ളത്. ഈ സാഹചര്യത്തിൽ പ്രൊബേഷണർ ആയ ഡോ .സമ്പത്ത് .കെ അസിസ്റ്റന്റ് ഡെന്റൽ സർജൻ ന്റെ വർക്ക് ആൻറ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് നിയമന അധികാരിയായ ഞാൻ വിലയിരുത്തുന്നു. ക്രിമിനൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന ഇത്തരം മെഡിക്കൽ ഓഫീസർമാർ ആരോഗ്യ വകുപ്പിന്റെ സർവീസിൽ തുടരുന്നത് ഒരിക്കലും അഭികാമ്യമല്ല.

**3.** മേൽ സാഹചര്യത്തിൽ **1958** ലെ കേരള സ്റ്റേറ്റ് ആൻറ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് **II** ചട്ടം **19 (a) (ii)** പ്രകാരം ഡോ .സമ്പത്ത് .കെ അസിസ്റ്റന്റ് ഡെന്റൽ സർജൻ ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Reena K J
Date: 07-05-2026
17:29:06

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

**Dr.Sambath.K**

**Assistant Dental Surgeon**

**Krishna Vihar, Seeveli Konam Lane**

**Mamam, Attingal**

**Thiruvananthapuram-695104**

പകർപ്പ്:-

1. അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ വകുപ്പ്
(ആമുഖ കത്ത് സഹിതം )
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ)
കേരള,തിരുവനന്തപുരം
3. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
പത്തനംത്തിട്ട
4. സൂപ്രണ്ട് ,താലൂക്കാസ്ഥാന ആശുപത്രി ,തിരുവല്ല